**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3588 — 23/06/2014 ൽ മറുപടിയ്ക്ക്

**തമിഴ് നാട് അതിർത്തിയിലെ ന്യൂട്രിനോ പരീക്ഷണശാല**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. വി.എസ്. സുനിൽ കുമാർ** | | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**വനവും പരിസ്ഥിതിയും ഗതാഗതവും**<br>**സ്പോർട്സും സിനിമയും വകുപ്പുമന്ത്രി** |
| (എ) തമിഴ്നാട് അതിർത്തിയിലെ പൊട്ടിപ്പുറത്ത് ന്യൂട്രിനോ പരീക്ഷണശാലയ്ക്കായി തുരങ്കം നിർമ്മിക്കാനുള്ള പദ്ധതി പശ്ചിമഘട്ടത്തിൽ പാരിസ്ഥിതികാഘാതം സൃഷ്ടിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പദ്ധതി ബാധിത മേഖലയിൽ പകുതിയും വരുന്ന കേരളത്തിന്റെ അനുമതി ഈ പദ്ധതി നടത്തിപ്പിന് നൽകിയിട്ടുണ്ടോ; | (ബി) | പരിസ്ഥിതി വകുപ്പിൽ നിന്ന് അനുമതി നൽകിയിട്ടില്ല. |
| (സി) പരീക്ഷണശാല നിർമ്മിക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ? | (സി) | കേരള തമിഴ് നാട് അതിർത്തിയിലെ തേനി ജില്ലയിലെ പൊട്ടിപ്പുറം പഞ്ചായത്തിലെ മലനിരയിൽ ഏതാണ്ട് 26.85 ഹെക്ടർ വിസ്തൃതിയുള്ള സ്ഥലത്താണ് നിർദ്ദിഷ്ട India based – neutrino observatory നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും ഏകദേശം 1300 മീറ്റർ ആഴത്തിൽ ഒരു ഭൂഗർഭ സംഭരണി പരീക്ഷണ നിരീക്ഷണങ്ങൾ നടത്തുന്നതിനായി ഇതിനോടനുബന്ധിച്ച് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതായും മനസ്സിലാക്കിയിട്ടുണ്ട്. പ്രകൃതിജന്യമായ റേഡിയേഷനുകൾ ഒഴിവാക്കിക്കൊണ്ടുള്ള പരീക്ഷണങ്ങൾ നടത്തുന്നതിലേയ്ക്കായിട്ടാണ് ഇത്തരത്തിലുള്ള ഒരു ഭൂഗർഭ അറയും അതിലേയ്ക്കുള്ള ഒരു ടണലും നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത് എന്നാണ് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളത്. ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും അറിയിപ്പുകളൊന്നും തന്നെ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ